**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 264** **27-01-2026-ൽ മറുപടിയ്ക്ക്**

**ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. രാജ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

**മറുപടി:** പൊതുജനാരോഗ്യ മേഖലയിൽ രാജ്യത്തിൽ തന്നെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജുകളും വരെ ഉൾപ്പെടുന്ന വിപുലമായ ചികിത്സ ശൃംഖല കേരളത്തിലെ സർക്കാർ മേഖലയിൽ തന്നെ ലഭ്യമാണ്. പൊതുജനങ്ങൾക്ക് വളരെ കുറഞ്ഞ ചെലവിൽ വളരെ മികച്ച ആരോഗ്യപരിപാലനം ഉറപ്പാക്കുവാൻ ഇതുവഴി കഴിയുന്നുണ്ട്. സംസ്ഥാനത്തെ ആരോഗ്യ ചികിത്സാരംഗത്തെ ദേശീയ നിലവാരത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്ന നാൾമുതൽ നടപ്പാക്കി വരുന്നു.

നിലവിൽ കേരളത്തിലെ ഓരോ ജില്ലയിലും ഓരോ മെഡിക്കൽ കോളേജ് എന്ന രീതിയിൽ 14 ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് മികച്ച സംഭാവനകൾ മെഡിക്കൽ കോളേജുകളുടെ ഭാഗത്ത് നിന്നുമുണ്ടാകുന്നുണ്ട്. സർക്കാർ തലത്തിലുള്ള കൃത്യമായ ഇടപെടലുകളും കൃത്യമായ ആസൂത്രണത്തോടെയുള്ള പദ്ധതികളും കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ പുരോഗതിയിലും പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിലും വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് വളരെ വലിയ മാറ്റങ്ങൾ കൊണ്ടുവരുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പല പുതിയ പദ്ധതികൾക്കും ആരംഭം കുറിയ്ക്കുവാനും, വളരെ വലിയ പദ്ധതികൾ പൂർത്തീകരിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം നാഷണൽ മെഡിക്കൽ കമ്മീഷൻ റദ്ദ് ചെയ്ത ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന്റെ അംഗീകാരം നിരന്തര പരിശ്രമത്തിലൂടെ വീണ്ടും നേടിയെടുക്കുകയും ഇപ്പോൾ 100 എം.ബി.ബി.എസ് വിദ്യാർഥികൾ പഠിക്കുന്ന 3 ബാച്ചുകൾക്ക് അഡ്മിഷൻ നൽകി യാതൊരു തടസ്സവും കൂടാതെ ക്ലാസുകൾ നടക്കുകയും ചെയ്യുന്നു. കൂടാതെ കോന്നി

സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭിക്കുകയും 100 വിദ്യാർത്ഥികൾ വീതം പഠിക്കുന്ന 3 ബാച്ചുകൾക്ക് അഡ്മിഷൻ നൽകി യാതൊരു തടസ്സവും കൂടാതെ ക്ലാസ്സുകൾ നടന്നു വരികയും ചെയ്യുന്നു.

കൂടാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലും വയനാട് സർക്കാർ മെഡിക്കൽ കോളേജിലും, 50 സീറ്റോടുകൂടിയ പുതിയ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിനു നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 2025 - 2026 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ മേഖലയിൽ മഞ്ചേരി, കൊല്ലം എന്നിവിടങ്ങളിലായി 2022-23 കാലയളവിൽ 60 സീറ്റുകൾ വീതമുള്ള രണ്ട് പുതിയ നേഴ്സിംഗ് കോളേജുകൾ അനുവദിക്കുകയും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു അദ്ധ്യയനം ആരംഭിക്കുകയും ചെയ്തു. 2023-2024 കാലയളവിൽ 60 സീറ്റുകൾ വീതമുള്ള 5 പുതിയ നേഴ്സിംഗ് കോളേജുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകുകയും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു അദ്ധ്യയനം ആരംഭിക്കുകയും ചെയ്തു. ഇതിനോടൊപ്പം തിരുവനന്തപുരം നേഴ്സിംഗ് കോളേജിൽ 100 സീറ്റുള്ള ഒരു അധിക ബാച്ച് (അനക്സ്) അനുവദിക്കുകയും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമേ 2025-26 അദ്ധ്യയന വർഷം മുതൽ പാലക്കാട് സർക്കാർ നഴ്സിംഗ് കോളേജിന്റെ സീറ്റുകളുടെ എണ്ണം 60-ൽ നിന്നും 100 ആയി (പട്ടിക-ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം) വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ നടപടികളിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകളും, നേഴ്സിംഗ് കോളേജുകളും സ്ഥാപിക്കുന്നതിനും, പ്രവർത്തനക്ഷമമാക്കുന്നതിനും സർക്കാരിനു സാധിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളുടെ സംക്ഷിപ്തം അനുബന്ധം 1-ൽ കാണാവുന്നതാണ്.

**(ബി)** പ്രസ്തുത കാലയളവിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പുതിയ കോഴ്സുകളും കോളേജുകളും ഗവേഷണസ്ഥാപനങ്ങളും വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ആരോഗ്യ സർവകലാശാലയുടെ പി.എച്ച്.ഡി ഗവേഷണത്തിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പി.എച്ച്.ഡി വിദ്യാർത്ഥികൾക്കായി പി.എച്ച്.ഡി റെഗുലേഷൻസ് 2018 നിലവിലുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി സംബന്ധമായ അപേക്ഷകളും സർവ്വകലാശാലയുമായി മറ്റു ആശയ വിനിമയങ്ങളും സുഗമമായി നടത്തുന്നതിനായി 2023 മുതൽ പി.എച്ച്.ഡി ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. കൂടാതെ എല്ലാ വർഷവും പി.എച്ച്.ഡി ഗൈഡുമാർക്കായി അപേക്ഷകൾ ക്ഷണിക്കുകയും അർഹതയുള്ളവർക്ക് പി.എച്ച്.ഡി അംഗീകൃത ഗൈഡ് എന്ന പദവിയും നൽകി വരുന്നു. ഗവേഷണ സ്ഥാപനങ്ങൾ വ്യാപിപ്പിക്കുന്നതിനായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിക്കുകയും, അർഹതയുള്ള സ്ഥാപനങ്ങൾക്ക് പി.എച്ച്.ഡി ഗവേഷണ കേന്ദ്രമെന്ന പദവിയും നൽകി വരുന്നു. കൂടാതെ പുതിയ കോളേജുകളും കോഴ്സുകളും ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പരിഗണിച്ച് അഫിലിയേഷൻ നല്കിയിട്ടുണ്ട്.

**(സി)** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ കൈവരിച്ചിട്ടുള്ള അഭിമാനകരമായ നേട്ടങ്ങൾ അടയാളപ്പെടുത്തുന്ന തരത്തിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** **<u>ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

2023 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം പങ്കെടുക്കുകയും ഇതിന്റെ ഫലമായി ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിന് 44-ആം റാങ്ക് ലഭിക്കുകയും ചെയ്തു.

2024 NIRF റാങ്കിങ്ങിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 42-ആം റാങ്ക് ലഭിച്ചിട്ടുണ്ട്.

അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തേതുമായ ആശുപത്രിയാണ് എസ്.എ.റ്റി.

എസ്.എ.റ്റി ആശുപത്രിക്ക് LaQshya സർട്ടിഫിക്കേഷൻ ലഭിച്ചു. എസ്.എ.റ്റി ആശുപത്രിക്ക് MBFHI (Mother Baby Friendly Hospital Initiative) സർട്ടിഫിക്കേഷൻ ലഭിച്ചു.

കേന്ദ്ര സർക്കാരിന്റെ Centre of Excellence in Emergency and Trauma Care അവാർഡ് സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരത്തിന് ലഭിച്ചു.

Centre of Excellence for Genetic Diseases പുരസ്കാരം SATH തിരുവനന്തപുരത്തിനും ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, കോന്നി</u>**

കോന്നി സർക്കാർ മെഡിക്കൽ കോളേജിന് കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സ സീസണിലെ (2023-24) മികച്ച Base Hospital ന് ഉള്ള അംഗീകാരം ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ആശുപത്രിയ്ക്ക് ഒന്നാം സ്ഥാനവും, ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ആരോഗ്യ രംഗത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ഏറ്റവും കൂടുതൽ ജനങ്ങൾക്ക് സൗജന്യ ചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം 2023-ൽ ദേശീയ തലത്തിൽ സംസ്ഥാനം കൈവരിക്കുകയുണ്ടായി. സാംക്രമികേതര രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മികച്ച സംഭാവനകൾക്കായി യു എൻ അവാർഡ് 2020 ൽ കേരളത്തിന് ലഭിച്ചിരുന്നു.

**<u>ഗവ. മെഡിക്കൽ കോളേജ്, കോട്ടയം</u>**

ആരോഗ്യ മന്ഥൻ പുരസ്കാരം 4.0 (KASP)-2022 ൽ ലഭിച്ചു. കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തിരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടുവാൻ സാധിച്ചു.

ലക്ഷ്യ (LaQshya) അംഗീകാരം - 2022-23 ൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം LaQshya അംഗീകാരം നേടി.

MBFHI (Mother Baby Friendly Hospital Initiative) 97.26% മാർക്കോടെ അംഗീകാരം നേടി.

മെഡിസെപ്പ് പദ്ധതി ആരംഭിക്കുകയും 100 ദിവസങ്ങൾ പിന്നിട്ടപ്പോൾ പബ്ലിക് ആശുപത്രികളുടെ ഇടയിൽ ഏറ്റവും കൂടുതൽ രോഗികളുടെ ചികിത്സ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയതിനുമായി

മെഡിസെപ്പ്-ബെസ്റ്റ് പെർഫോർമർ പുരസ്കാരം കരസ്ഥമാക്കി. കേരള സംസ്ഥാന ധനകാര്യ വകുപ്പ് ആണ് പുരസ്കാരം നൽകിയത്.

01.01.2020 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ നൽകിയതിന് (43352) ആരോഗ്യ മന്ഥൻ 3.0 (KASP)-2021 ൽ ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, എറണാകുളം</u>**

മാതൃ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതിലൂടെയും MBFHI മാനദണ്ഡങ്ങൾ പൂർത്തിയാക്കിയതിലൂടെയും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് NHM ന്റെ Mother and Baby Friendly Hospital അവാർഡ് 2023 ൽ ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി</u>**

മാതൃ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതിലൂടെയും MBFHI മാനദണ്ഡങ്ങൾ പൂർത്തിയാക്കിയതിലൂടെയും മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് NHM ന്റെ Mother and Baby Friendly Hospital അവാർഡ് 2022 ൽ ലഭിച്ചു.

2025 ൽ മഞ്ചേരി മെഡിക്കൽ കോളേജിനു ദേശീയ തലത്തിൽ മുസ്കാൻ അംഗീകാരം ലഭിച്ചു.

**<u>ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

2018 ൽ നിപ്പ രോഗികളെ മികച്ച രീതിയിൽ പരിചരിച്ചതിനും അതിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയതിനും അവാർഡുകൾ ലഭിച്ചു.

2020 - ൽ കോവിഡ് കാലത്ത് മികച്ച രീതിയിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന് അവാർഡുകൾ ലഭിച്ചു.

2021 വർഷത്തിൽ ത്വക്ക് രോഗ വിഭാഗത്തിന് ബെസ്റ്റ് പെർഫോർമിംഗ് DSRC(Designated STI RTI Clinic) അവാർഡ് ലഭിച്ചിട്ടുണ്ട്.

2019-20 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയ്ക്ക് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു.

അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ടുമെന്റ് അവാർഡ് 2021, 2022 വർഷങ്ങളിൽ സർജറി വിഭാഗത്തിന് ലഭിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കേരളത്തിൽ ആദ്യമായി മികച്ച ശിശു സൗഹൃദ സേവനങ്ങൾക്കുള്ള ദേശീയ മുസ്കാൻ (MusQan) സർട്ടിഫിക്കേഷൻ 96% മാർക്കോടുകൂടി ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് 2024 ജനവരിയിൽ സ്വന്തമാക്കി.

മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധ ചികിത്സയുടെയും നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LaQshya അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

ആശുപത്രിയിലെ മാതൃ-ശിശു ചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Initiative) അക്രഡിറ്റേഷൻ അംഗീകാരം ലഭിച്ചു.

2021-22 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു.

മെഡിസെപ്പ് ആരംഭിച്ച് 100 ദിവസം പൂർത്തിയായപ്പോൾ കേരളത്തിലെ ടോപ്പ് പെർഫോർമർ അവാർഡ് കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്.

2021 ദേശീയ രക്തദാന ദിനത്തോടനുബന്ധിച്ച് നടത്തിയ KSACS ഉം Kerala Blood Transfusion Council ഉം സംയുക്തമായി സംഘടിപ്പിച്ച സസ്നേഹം സഹജീവിക്കായി എന്ന രക്തദാന ചാലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു.

**<u>ഗവ. മെഡിക്കൽ കോളേജ്, വയനാട്</u>**

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മാതൃ-ശിശു സൗഹൃദ ആശുപത്രി (MBFH) ആയി സർക്കാർ പ്രഖ്യാപിച്ചു.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചിട്ടുണ്ട്.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശിശുരോഗ വിഭാഗം മുസ്കാൻ സർട്ടിഫിക്കേഷനായി അപേക്ഷിക്കുകയും,2024 -ൽ MUSQAN പുരസ്കാരം കരസ്ഥമാക്കുകയും ചെയ്തു.

**<u>ഗവ. മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

സംസ്ഥാന തലത്തിൽ മെഡിസെപ്പ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിച്ചതിന് 2022 വർഷത്തിൽ കേരള സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് ലഭിച്ചു.

**<u>ഗവ. ഡെന്റൽ കോളേജ്, തിരുവനന്തപുരം</u>**

2024 ൽ ഗവ. ദന്തൽ കോളേജിന് ദന്തൽ കോളേജ് വിഭാഗത്തിൽ NIRF റാങ്കിംങിൽ 21-ആം റാങ്ക് ലഭിച്ചു.

2023 DNB വിവിധ (super Speciality) പരീക്ഷയിൽ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ 7 വിദ്യാർത്ഥികൾ ദേശീയ തലത്തിൽ ഒന്നാം റാങ്കോടെ സ്വർണ്ണ മെഡൽ കരസ്ഥമാക്കി. ഒരു സംസ്ഥാനത്ത് ദേശീയ തലത്തിൽ ഇത്രയേറെ സ്വർണ്ണ മെഡലുകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ ആദ്യമായാണ് നേടുന്നത്.

**(ഡി)** രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനങ്ങളായി സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങളെ ഉയർത്തികൊണ്ടു വരുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വെളിപ്പെടുത്താമോ?

**<u>മറുപടി:</u>** വിശദാംശം അനുബന്ധം 2-ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം-1

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ റാങ്കിംഗ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജും ഡെന്റൽ കോളേജും ഇടം പിടിച്ചു. 2023 ലെ റാങ്കിങ്ങിലാണ് കേരളത്തിൽ നിന്നുള്ള ഒരു സർക്കാർ മെഡിക്കൽ കോളേജ് (തിരുവനന്തപുരം) ആദ്യമായി ഇടം പിടിച്ചത്.
- 2023 DNB വിവിധ (സൂപ്പർ സ്പെഷ്യാലിറ്റി) പരീക്ഷയിൽ വിവിധ സർക്കാർ മെഡിക്കൽ കോളേജിലെ 7 വിദ്യാർത്ഥികൾ ദേശീയ തലത്തിൽ ഒന്നാം റാങ്കോടെ സ്വർണ മെഡൽ കരസ്ഥമാക്കി. ഒരു സംസ്ഥാനത്ത് ദേശീയ തലത്തിൽ ഇത്രയേറെ സ്വർണ്ണ മെഡലുകൾ സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ ആദ്യമായാണ് നേടുന്നത്.
- വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്ന വിവിധ കോഴ്സുകളുടെ സീറ്റുകളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും വേണ്ടി അടിസ്ഥാന സൌകര്യ വികസനങ്ങൾ നടത്തുകയും അതിൻ പ്രകാരം വിവിധ കോഴ്സുകളിൽ ആയി ചുവടെ പറയുന്ന പ്രകാരം സീറ്റുകളുടെ വർധനവ് ഉണ്ടായിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.
- പാരാ മെഡിക്കൽ ഡിഗ്രി കോഴ്സുകളിൽ 86 സീറ്റും നഴ്സിംഗ് ഡിഗ്രി കോഴ്സുകളിൽ 652 (ബി എസ് സി നഴ്സിംഗ്) 19 (പോസ്റ്റ് ബി എസ് സി നഴ്സിംഗ്) സീറ്റും നഴ്സിംഗ് പിജി കോഴ്സുകളിൽ 32 സീറ്റുകളുടെയും വർധനവ് ഉണ്ടായിട്ടുണ്ട്.
- MBBS നു 300 സീറ്റും വർധിച്ചിട്ടുണ്ട്.
- മെഡിക്കൽ പി ജി കോഴ്സുകളിൽ 126 സീറ്റിന്റെയും വർധനവ് ഉണ്ടായിട്ടുണ്ട്.
- മെഡിക്കൽ പി ജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ 25 സീറ്റും വർധിച്ചിട്ടുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ 100 MBBS സീറ്റുകൾ വീതം (ആകെ 200 സീറ്റുകൾ) ആരംഭിക്കുകയും ഈ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- Foreign Medical Graduates (FMG) നു മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് & ക്ലർക്ക്ഷിപ്പ് ചെയ്യുവാനായി അനുമതി ലഭിച്ചത് പ്രകാരം വിദേശ രാജ്യങ്ങളിൽ MBBS പഠനം പൂർത്തിയാക്കിയ 800 ൽ പരം വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് & ക്ലർക്ക്ഷിപ്പ് ചെയ്യുവാനായി ഉത്തരവ് നൽകിയിട്ടുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ കൊല്ലം മെഡിക്കൽ കോളേജിൽ Community Medicine, Forensic Medicine, Microbiology, Pathology എന്നീ പിജി കോഴ്സുകൾക്ക് ആയി ആകെ 8 സീറ്റുകൾ (2 സീറ്റുകൾ വീതം) ആരംഭിക്കുകയും ഈ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ മഞ്ചേരി മെഡിക്കൽ കോളേജിൽ DVL, Ophthalmology, ENT എന്നീ പിജി കോഴ്സുകൾക്ക് ആയി ആകെ 6 സീറ്റുകൾ (2 സീറ്റുകൾ വീതം) ആരംഭിക്കുകയും ഈ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ Radio diagnosis

വിഭാഗത്തിൽ 2 പിജി സീറ്റ് വർധിച്ചിട്ടുണ്ട്.

- 2023-24 വിദ്യാഭ്യാസ വർഷത്തി ൽ Strengthening & Upgradation of State Medical Colleges for increasing PG seats എന്ന CSS ൽ ആലപ്പുഴ മെഡിക്ക ൽ കോളേജി ൽ 13 പിജി സീറ്റുകളും (ജനറൽ മെഡിസിൻ -2, അനസ്തേഷ്യ - 2, ഡെർമറ്റോളജി & വെനറോളജി -1, ഫാർമക്കോളജി -1, ജനറൽ സർജറി -2, പാത്തോളജി -1 , കമ്മ്യൂണിറ്റി മെഡിസിൻ -2, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ -1, ഫോറൻസിക് മെഡിസിൻ-1 ) എറണാകുളം മെഡിക്കൽ കോളേജി ൽ 15 പിജി സീറ്റുകളും (ജനറൽ മെഡിസിൻ -1, അനസ്തേഷ്യ - 2, റേഡിയോ ഡയഗ്നോസിസ് -2, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി-2, ജനറൽ സർജറി -2, ഓർത്തോപീഡിക്-2, കമ്മ്യൂണിറ്റി മെഡിസിൻ -1, റെസ്പിറേറ്ററി മെഡിസിൻ -1, ഓഫ്താൽമോളജി-1, ഫോറൻസിക് മെഡിസിൻ-1 ), കണ്ണൂർ മെഡിക്ക ൽ കോളേജി ൽ 15 പിജി സീറ്റുകളും (ജനറൽ മെഡിസിൻ -2, അനസ്തേഷ്യ - 2, റേഡിയോ ഡയഗ്നോസിസ് -2, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി-1, ജനറൽ സർജറി -1, ഓർത്തോപീഡിക്-1, റെസ്പിറേറ്ററി മെഡിസിൻ -1, എമർജൻസി മെഡിസിൻ-2, പീഡിയാട്രിക്-2, ഫോറൻസിക് മെഡിസിൻ-1 ) ആരംഭിക്കാ ൻ അംഗീകാരം ലഭിച്ച്ചുവെങ്കിലും NMC ൽ നിന്നും ആലപ്പുഴ കോളേജിനു 12 സീറ്റുകൾക്ക് ആണ് അംഗീകാരം നൽകിയത് (ജനറൽ മെഡിസിൻ -1, അനസ്തേഷ്യ - 2, ഡെർമറ്റോളജി & വെനറോളജി -1, ഫാർമക്കോളജി -1, ജനറൽ സർജറി -2, പാത്തോളജി -1 , കമ്മ്യൂണിറ്റി മെഡിസിൻ -2, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ -1, ഫോറൻസിക് മെഡിസിൻ-1 ) (ആകെ 42 പിജി സീറ്റുക ൾ -വിദ്യാർഥികൾക്കു 2025-26 വർഷത്തി ൽ പ്രവേശനം നൽകിയിട്ടുണ്ട് .
- രണ്ടാം വർഷ പിജി വിദ്യാർഥികൾക്കുള്ള ജില്ല റസിഡ ൻസി പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിക്കുകയും ഇത് വഴി ജില്ല താലൂക്ക് തലത്തിലുള്ള ആശുപത്രികളിൽ വിദഗ്ധ ചികിത്സ ഉറപ്പ് വരുത്താനും സാധിക്കുന്നതാണ്.
- 2023-24 വിദ്യാഭ്യാസ വർഷത്തി ൽ കോട്ടയം മെഡിക്ക ൽ കോളേജി ൽ പിജി സൂപ്പ ർ സ്പെഷ്യാലിറ്റി കോഴ്സ് ആയ Medical Gastroenterology ൽ 2 സീറ്റ് വർധിച്ചിട്ടുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുത ൽ കൊല്ലം നഴ്സിംഗ് കോളേജ് ആരംഭിക്കുകയും തുടർന്ന് 60 സീറ്റുകളിലേക്ക് Bsc Nursing കോഴ്സിനു പ്രവേശനം നടത്താ ൻ അനുമതി ലഭിച്ചതിനെത്തുടർന്ന് ഈ സീറ്റുകളിലേക്ക് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുത ൽ മഞ്ചേരി നഴ്സിംഗ് കോളേജ് ആരംഭിക്കുകയും തുടർന്ന് 60 സീറ്റുകളിലേക്ക് Bsc Nursing കോഴ്സിനു പ്രവേശനം നടത്താ ൻ അനുമതി ലഭിച്ചതിനെത്തുടർന്ന് ഈ സീറ്റുകളിലേക്ക് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷം ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർകോട്, തിരുവനന്തപുരം അനക്സ് എന്നിവിടങ്ങളിലായി 6 നഴ്സിംഗ് കോളേജുകൾ ആരംഭിക്കാ ൻ അനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം അനക്സി ൽ 100 സീറ്റും മറ്റു കോളേജുകളി ൽ 60 സീറ്റുക ൾ വീതവും (ആകെ 400 സീറ്റുക ൾ) BSc നഴ്സിംഗ് കോഴ്സ് ആരംഭിക്കാ ൻ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് ഈ സീറ്റുകളിലേക്ക് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷം മുത ൽ തിരുവനന്തപുരം, ആലപ്പുഴ നഴ്സിംഗ് കോളേജുകളി ൽ Msc Mental Health Nursing ൽ ആകെ 16 സീറ്റുക ൾ (8 സീറ്റുക ൾ വീതം) ആരംഭിക്കാ ൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

- 2023-24 വിദ്യാഭ്യാസ വർഷം മുത ൽ Bsc RTT കോഴ്സിൽ തിരുവനന്തപുരം മെഡിക്ക ൽ കോളേജി ൽ 5 സീറ്റും കോഴിക്കോട് മെഡിക്ക ൽ കോളേജി ൽ 6 സീറ്റും (ആകെ 11 സീറ്റുക ൾ) ആരംഭിക്കുവാ ൻ അനുമതി ലഭിച്ചിട്ടുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷം മുത ൽ തിരുവനന്തപുരം, കോട്ടയം കോഴിക്കോട് മെഡിക്കൽ കോളേജുകളിലായി Bsc MIT കോഴ്സിൽ ആകെ 30 സീറ്റുക ൾ (10 സീറ്റുക ൾ വീതം) ആരംഭിക്കുവാ ൻ അനുമതി ലഭിച്ചിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം മുത ൽ കോട്ടയം മെഡിക്ക ൽ കോളേജി ൽ BPT കോഴ്സിൽ 30 സീറ്റുകളിൽ സർവ്വകലാശാല അനുമതി ലഭിച്ചതിനെത്തുടർന്ന് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം മുത ൽ എറണാകുളം മെഡിക്ക ൽ കോളേജി ൽ BSc DT കോഴ്സിൽ 5 സീറ്റുകളിൽ സർവ്വകലാശാല അനുമതി ലഭിച്ചതിനെത്തുടർന്ന് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം മുത ൽ കോഴിക്കോട് മെഡിക്ക ൽ കോളേജി ൽ BSc NT(Nuclear Medicine Technology) കോഴ്സിൽ 6 സീറ്റുകളിൽ സർവ്വകലാശാല അനുമതി ലഭിച്ചതിനെത്തുടർന്ന് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം മുത ൽ എറണാകുളം നഴ്സിംഗ് കോളേജുകളി ൽ Msc Mental Health Nursing ൽ 8 സീറ്റുക ൾ Community Health Nursing ൽ 8 സീറ്റുക ൾ ഉൾപ്പെടെ ആകെ ( 16 സീറ്റുക ൾ) ആരംഭിക്കാ ൻ അംഗീകാരം ലഭിക്കുകയും വിദ്യർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം മുത ൽ തിരുവനന്തപുരം നഴ്സിംഗ് കോളേജി ൽ പോസ്റ്റ് ബേസിക് ഡിപ്ലോമ സ്പെഷ്യാലിറ്റി നഴ്സിംഗിൽ 10 സീറ്റുകളോടെ "നിയോനാറ്റൽ നഴ്സിംഗ് " ആരംഭിച്ചിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷം വയനാട്, കാസർഗോഡ് മെഡിക്ക ൽ കോളേജുകളി ൽ 50 MBBS സീറ്റുക ൾ വീതം ആരംഭിക്കാ ൻ (ആകെ 100 സീറ്റുക ൾ) സർക്കാർ essentiality certificate ലഭിക്കുകയും തുടർന്ന് എ ൻഎംസി യുടെയും കുഹാസിന്റെയും അനുമതിയോടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ കൊല്ലം മെഡിക്ക ൽ കോളേജിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ 1 സീറ്റും ഒബിജി വിഭാഗത്തിൽ 4 സീറ്റും ഇഎൻടി വിഭാഗത്തിൽ 3 സീറ്റും ജനറൽ മെഡിസിൻ വിഭാഗത്തിൽ 5 സീറ്റും പീഡിയാട്രിക് വിഭാഗത്തിൽ 4 സീറ്റും ഓഫ്താൽമോളജി വിഭാഗത്തിൽ 3 സീറ്റും അനസ്തേഷ്യ വിഭാഗത്തിൽ 5 സീറ്റും ജനറൽ സർജറി വിഭാഗത്തിൽ 5 സീറ്റും ഓർത്തോപീഡിക് വിഭാഗത്തിൽ 4 സീറ്റും ആരംഭിക്കാ ൻ തത്വത്തി ൽ അംഗീകാരം ലഭിക്കുകയും തുടർന്ന് എ ൻഎംസി യുടെ അംഗീകാരം ലഭിച്ച സീറ്റുകളി ൽ (ഒബിജി -4, ഇഎൻടി -3 , ജനറൽ മെഡിസിൻ- 4, പീഡിയാട്രിക് - 4, ഓഫ്താൽമോളജി - 3, അനസ്തേഷ്യ- 4 , ജനറൽ സർജറി - 4, ഓർത്തോപീഡിക്- 4) വിദ്യാർഥികൾക്കു 2025-26 വർഷത്തി ൽ പ്രവേശനം നൽകിയിട്ടുണ്ട് (ആകെ 30 പിജി സീറ്റുക ൾ).
- 2024-25 വിദ്യാഭ്യാസ വർഷത്തി ൽ ആലപ്പുഴ മെഡിക്ക ൽ കോളേജി ൽ സൈക്യാട്രി വിഭാഗത്തിൽ 2 പിജി സീറ്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അനസ്തേഷ്യ വിഭാഗത്തിൽ 6 പിജി സീറ്റുകളും കോഴിക്കോട് എമർജൻസി മെഡിസിനിൽ 2 സീറ്റും

അധികമായി അനുവദിച്ചിട്ടുണ്ട്.

- 2024-25 വിദ്യാഭ്യാസ വർഷത്തിൽ ആലപ്പുഴ മെഡിക്ക ൽ കോളേജി ൽ ഓഫ്താൽമോളജി വിഭാഗത്തിൽ 3 സീറ്റും ഓർത്തോപീഡിക് വിഭാഗത്തിൽ 3 സീറ്റും കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 2 സീറ്റും ആരംഭിക്കാ ൻ തത്വത്തി ൽ അംഗീകാരം ലഭിക്കുകയും തുടർന്ന് എ ൻഎംസി യുടെയും കുഹാസിന്റെയും അനുമതിയോടെ 2025-26 വർഷത്തി ൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട് (ആകെ 8 പിജി സീറ്റുക ൾ).
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡിഎം പൾമണറി മെഡിസിൻ വിഭാഗത്തിൽ 2 സീറ്റും ഡിഎം പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിൽ 2 സീറ്റും ആർ.സി.സി ൽ ഡിഎം ഓങ്കോ പതോളജി വിഭാഗത്തിൽ 4 സീറ്റും ആരംഭിക്കാ ൻ എ ൻഎംസി യുടെയും കുഹാസിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട് (ആകെ 8 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുക ൾ)
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡിഎം ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിൽ 2 സീറ്റും തൃശ്ശൂർ മെഡിക്ക ൽ കോളേജിൽ ഡിഎം നിയോനാറ്റോളജി വിഭാഗത്തിൽ 2 സീറ്റും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡിഎം ന്യൂറോ സർജറി വിഭാഗത്തിൽ 2 സീറ്റും ആരംഭിക്കാ ൻ തത്വത്തി ൽ അംഗീകാരം ലഭിച്ചിട്ടുണ്ട് (ആകെ 6 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുക ൾ).
    - 2025-26 വിദ്യാഭ്യാസ വർഷം മുത ൽ കോഴിക്കോട് മെഡിക്ക ൽ കോളേജി ൽ BSc Respiratory Technology കോഴ്സിൽ 4 സീറ്റുകളിൽ സർവ്വകലാശാല അനുമതി ലഭിച്ചതിനെത്തുടർന്ന് വിദ്യർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.
- 2025-26 വിദ്യാഭ്യാസ വർഷത്തിൽ മലബാ ർ കാൻസ ർ സെന്ററി ൽ Radiation Oncology വിഭാഗത്തിൽ 2 പിജി സീറ്റ് ആരംഭിക്കാ ൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.
    - PG (Broad / Super Specaility) സീറ്റ് വർദ്ധനവിലൂടെ വിദഗ്ധരും അതിവിദഗ്ദരുമായ ഡോക്ടർമാരെ പൊതുജനാരോഗ്യ രംഗത്ത് പുതതായ സംഭാവന നല്കാൻ കഴിയും.
    - പാരാമെഡിക്കൽ / നഴ്സിംഗ് രംഗത്ത് വിവിധ ഡിഗ്രി / ഡിപ്ലോമ സീറ്റുകൾ വർധിപ്പിച്ചതിലൂടെ ജനങ്ങൾക്ക് ആരോഗ്യ ചികിത്സ രംഗത്ത് അടിസ്ഥാന സേവനം ലഭ്യമാക്കുന്നതിന് വിദഗ്ദ്ധരെ ലഭ്യമാകും.

- മേൽ വിവരിച്ചിരിക്കുന്ന പ്രകാരം വിവിധ കോഴ്സുകൾ ആരംഭിച്ചതിനാലും നിലവിലെ കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർധിപ്പിച്ചതിനാലും വിദ്യാർഥികൾക്ക് സർക്കാ ർ മെഡിക്കൽ കോളേജുകളിലെ സൌകര്യങ്ങ ൾ ഉപയോഗിച്ച് വിദ്യാഭ്യാസം നേടുവാനുള്ള അവസരം ഉടലെടുത്തിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മെഡിക്കൽ, നഴ്സിംഗ് കോഴ്സകൾക്ക് സർക്കാർ മേഖലയിൽ വർധിപ്പിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും തത്വത്തിൽ ആരംഭിക്കാൻ അംഗീകാരം നല്കിയതുമായ കോഴ്സുകളുടെ എണ്ണത്തിന്റെ സംക്ഷിപ്ത വിവരം

| കോഴ്സ് | 2021 | 2025 | വർധിച്ച സീറ്റുകളുടെ എണ്ണം |
|---|---|---|---|
| MBBS | 1555 | 1855 | 300 |
| PG Medical | 854 | 980 | 126 |
| PG Super Speciality | 142 | 167 | 19 + 6 = 25 |
| MC Trivandrum- DM Interventional Radiology Essentiality Issued | | | 2 |
| MC Thrissur-DM Neonatology- Essentiality Issued | | | 2 |
| MC Kozhikode-DM Neuro Surgery- Essentiality Issued | | | 2 |
| Bsc Nursing | 478 | 1130 | 652 |
| Msc Nursing | 130 | 162 | 32 |
| Post Basic Bsc Nursing | 70 | 89 | 19 |
| Allied Health Sciences(Para medical Degree courses) | 220 | 306 | 86 |